**എലിപ്പനിപോലുള്ള പകർച്ചവ്യാധികൾ തടയുന്നതിന് നടപടി**

*17 [399] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനിപോലുള്ള പകർച്ചവ്യാധികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് നിയന്ത്രിക്കുന്നതിനും പടർന്നു പിടിക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ജലസ്രോതസ്സുകൾ, കിണറുകൾ എന്നിവ ക്ലോറിനേറ്റ് ചെയ്യുക, കൊതുക് നശീകരണം, കൂത്താടി നശിപ്പിക്കൽ എന്നിവയ്ക്കായുള്ള ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയവ സംസ്ഥാനത്തുടനീളം ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ജലമലിനീകരണംകൊണ്ട് ഉണ്ടാകുന്ന അസുഖങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. കൂത്താടി നശീകരണത്തിനായി ജലസ്രോതസ്സുകളിൽ ഗപ്പി, ഗാംബൂസിയ എന്നീ ഇനത്തിൽപ്പെട്ട മത്സ്യങ്ങളും നിക്ഷേപിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 17-2-2005-ൽ എല്ലാ സ്കൂളുകളിലും രോഗപ്രതിരോധത്തിനായുള്ള പ്രതിജ്ഞയെടുക്കുകയും അതിനോടനുബന്ധിച്ച് ഹെൽത്ത് എഡ്യൂക്കേഷൻ ക്ലാസ്സുകൾ വിദഗ്ദ്ധന്മാർ നടത്തുകയും ചെയ്തിട്ടുണ്ട്. പത്രങ്ങൾ, ഇക്ട്രോണിക് മാധ്യമങ്ങൾ, പ്രസ് റിലീസുകൾ, പ്രസ് കോൺഫറൻസുകൾ, ബാനേഴ്സ്, പോസ്റ്ററുകൾ എന്നിവയിലൂടെ റീപുലമായ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ആരോഗ്യവകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറിയുള്ള രക്തപരിശോധനയും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. ഡയഗ്നോസ്റ്റിക് കിറ്റ് എല്ലാ പബ്ളിക് ഹെൽത്ത് ലാബറട്ടറികളിലും ജില്ലാതല ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഡെങ്കി, ലെപ്റ്റോ ഹെപ്പറ്റൈറ്റിസ് എന്നിവയുടെ രോഗനിർണ്ണയത്തിനുള്ള കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹെപ്പറ്റൈറ്റിസ് എ, ബി, സി, ഇ എന്നീ വൈറസുകളുടെ സിറ്റോളജിക്കൽ ഡയഗ്നോസിസ് ഉള്ള കിറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. കൊതുക് നിവാരണത്തിന് ആവശ്യമായിട്ടുള്ള കീടനാശിനികൾ ആവശ്യത്തിന് എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ ഊർജ്ജിതമാക്കുന്നതിനും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭാ ഉപസമിതി, ജില്ലാതലത്തിൽ കളക്ടറുടെയും ഡി.എം.ഒ.മാരുടെയും നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റികൾ, പഞ്ചായത്ത്തല, ബ്ളോക്കുതല കമ്മിറ്റികൾ തുടങ്ങിയവയും രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) ഇതിനോടകം സാധ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly